ആരെയും ഇത് ബാധിക്കുന്നതല്ല. അവരുടെ പ്രൊമോഷൻ മുമ്പ് നൽകിയിരുന്ന അനുപാതമനുസരിച്ച് തന്നെ നൽകിവരുന്നുണ്ട്. സബ്മിഷനിൽ പറയുന്നതുപോലെ ഈ ഉത്തരവിന്റെ ഫലമായി അച്ചടി വകുപ്പിലെ പല മേഖലകളിലും പ്രവൃത്തിയെടുക്കുന്ന ജീവനക്കാരെ ആനുപാതികമായി കുറയ്ക്കേണ്ടിവരുമെന്ന വാദം ശരിയല്ല. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രസ്സുകളുടെ ഉൽപ്പാദനക്ഷമത കൂടുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി അച്ചടിവകുപ്പ് കൂടുതൽ വികസിക്കുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും ജീവനക്കാർക്ക് ഇതിൽ ഉൾക്കണ്ഠ ഉണ്ടായിട്ടുണ്ടെന്നകാര്യം സർക്കാർ മനസ്സിലാക്കുന്നു. അതിനാൽ ഇക്കാര്യം അച്ചടി വകുപ്പിലെ അംഗീകൃത സംഘടനാ പ്രതിനിധികളുമായി 29.6.99-ന് ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ചർച്ച ചെയ്യുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ മണ്ണന്തല പ്രസ്സിൽ രണ്ടാമത്തെ ഷിഫ്റ്റ് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മെമ്പർ ഉദ്ദേശിക്കുന്ന നിലയിൽ ആശങ്കയ്ക്ക് അവകാശമില്ല.

(5) കൊട്ടിയൂർ ബോയിസ് ഠൗൺ റോഡിന്റെ പണി

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എം.എൽ.എ. റോഡാണ് കൊട്ടിയൂർ ബോയിസ് ഠൗൺ റോഡ്. വർഷങ്ങളായി പൂർത്തീകരണം കാത്തുകിടക്കുന്ന ഈ മലയോര പാത തലശ്ശേരിയിൽനിന്നും നെടുമ്പൂർ വഴി മാനന്തവാടിയിലേയ്ക്കുള്ള ഒരു ബൈപാസ് കൂടിയാണ്. 265 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഈ റോഡിന്റെ പ്രവർത്തനത്തിൽ ഇനി ഉദ്ദേശം 3 കി.മി. ദൂരം കൂടിയേ പൂർത്തീകരിക്കാനുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം 10 ലക്ഷം രൂപ ഇതിന് വകയിരുത്തിയിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് ഈ തുക അപര്യാപ്തമായിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ നാല് ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ റോഡിന്റെ വർക്ക് പൂർത്തീകരിക്കുന്നതിനും ഇത് യഥാർത്ഥ്യമാക്കുന്നതിനും 53 ലക്ഷം രൂപ വേണ്ടിയിരിക്കുന്നു. മതിയായ തുക വകയിരുത്തി ഇതിന്റെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, എം.എൽ.എ. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച കൊട്ടിയൂർ ബോയിസ് ഠൗൺ റോഡിന്റെ ആദ്യത്തെ മൂന്നു കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ട്. മൊത്തം 7.5 കിലോമീറ്റർ നീളം വരുന്ന ഈ റോഡിന്റെ മൂന്നു മുതൽ 4.9 കിലോമീറ്റർ വരെയുള്ള റീച്ചിന് ആണ് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിനാവശ്യമായിട്ടുള്ള തുക ബഡ്ജറ്റിലില്ല. ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. 4.9 മുതൽ 7.5 കിലോമീറ്റർ വരെയുള്ള റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പണികൾ ഏറ്റെടുക്കുന്നതാണ്.

(6) കേരളാ ഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷന്റെ സെക്രട്ടേറിയറ്റ് ധർണ്ണ

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, ദേശീയാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിൽ പ്ലസ് ടൂ നടപ്പിലാക്കാൻ നയപരമായി ഗവൺമെന്റ് തീരുമാനിച്ച് കഴിഞ്ഞ മൂന്നു വർഷക്കാല

LIBRARY ARCHIVES Kerala Legislative Assembly